2. പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനായി പാലക്കാട്ടുള്ള മലബാർ സിമന്റ്സുമായുള്ള കോ-ഇൻസിനറേഷൻ പദ്ധതിക്കുള്ള ശ്രമം നടന്നുവരുന്നു.

3. സംസ്ഥാനത്ത് നിലവിൽ ഇ-മാലിന്യം ശേഖരിച്ച് അന്യ സംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ / ഡിസ്മാന്റലർക്ക് നൽകുന്നതിന് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് ബോർഡിൽ നിന്നും അനുമതി നൽകിവരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഇ-മാലിന്യ ശേഖരണ സംവിധാനം നടപ്പിലാക്കുന്നതിന് ശ്രമങ്ങൾ നടത്തിവരുന്നു.

4. പൊതു മലിനജല ശുദ്ധീകരണ സംവിധാനങ്ങൾക്കായി (CETP) ആലപ്പുഴ ജില്ലയിൽ അരൂരിൽ ACCEPT Society-ക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ഏലൂർ-എടയാർ മേഖലയ്ക്കുവേണ്ടി ചെറുകിട വ്യവസായ സംരംഭകരുടെയും വ്യവസായ വകുപ്പിന്റെയും സഹായത്തോടുകൂടി ഒരു പൊതുമലിനജല ശുദ്ധീകരണ സംവിധാനം സ്ഥാപിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടുവരുന്നു.

മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ

69 (T* 4060) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ PSC-യ്ക്ക് വിട്ടുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദു ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വിശദമാക്കുമോ; റദ്ദ് ചെയ്ത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾക്ക് പ്രായപരിധി 35 വയസ്സായി നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(സി) വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഏതൊക്കെ തസ്തികകളിലേക്കാണ് നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. മലിനീകരണ നിയന്ത്രണ ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുന്നതിനുള്ള ബിൽ നമ്പർ 153 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അംഗീകാരമായിട്ടില്ലാത്തതിനാൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സബോർഡിനേറ്റ് സർവ്വീസ് റെഗുലേഷൻസ്, 1999-ഉം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവ്വീസ് റെഗുലേഷൻസ്, 1999-ഉം പ്രകാരമാണ് നിയമനങ്ങൾക്ക് പ്രായപരിധി നിശ്ചയിച്ചത്.

(സി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) താഴെപ്പറയുന്ന തസ്തികകളിലാണ് നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്:

എഞ്ചിനീയറിംഗ് വിഭാഗം

അസിസ്റ്റന്റ് എഞ്ചിനീയർ

സയന്റിഫിക് വിഭാഗം

അസിസ്റ്റന്റ് സയന്റിസ്റ്റ്

ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്

മിനിസിറ്റീരിയൽ വിഭാഗം

അസിസ്റ്റന്റ്

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റ്)

ഡ്രൈവർ

അറ്റൻഡർ

പ്യൂൺ / ബ്ലൂ പ്രിന്റർ

വാച്ച്മാൻ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.